# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2433 — 06-12-2018- ൽ മറുപടിക്ക്

## ജെം പോർട്ടൽ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ വകുപ്പുകൾക്ക് സാധനം വാങ്ങുന്നതിനുള്ള പദ്ധതിയായ ജെം (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) കേരളത്തിലും നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് സ്റ്റേറ്റ് പർച്ചേസ് മാന്വലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) നടപ്പാക്കിയിട്ടുണ്ട്;<br><br>ജെം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വൽ ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ബി) ജെം പദ്ധതി നടപ്പിലാക്കുന്നത് കൊണ്ട് സംസ്ഥാനത്ത് വകുപ്പുകൾ സാധനം വാങ്ങി സംഭരിയ്ക്കുന്നത് സുതാര്യമാകുമോ, സാധനങ്ങൾക്ക് വില കുറയുമോ എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ; | ബി) വാങ്ങൽ/സംഭരണം എന്നിവ സുതാര്യവും വേഗത്തിലുമാക്കുന്നതിനാണ് സാധനങ്ങൾ വാങ്ങുന്നത് ഓൺ ലൈൻ ആക്കാൻ തീരുമാനിച്ചത്.<br><br>ജെം പോർട്ടലിലെ പൊതുസംഭരണ/ വിതരണ നിബന്ധനകൾ പ്രകാരം, ജെം പോർട്ടലിലൂടെ വിതരണം നടത്തുന്ന സാധനങ്ങൾക്ക് വിപണി വിലയെക്കാൾ ഏറ്റവും കുറഞ്ഞത് 10% എങ്കിലും കിഴിവ് നിർബന്ധമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ജെം നടപ്പിലാക്കുന്നതോടുകൂടി പ്രാദേശിക സംരംഭകർക്ക് നഷ്ടം സംഭവിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല,<br><br>തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ജെം മുഖാന്തിരം സാധനങ്ങൾ വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ